(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

III ശ്രദ്ധ ക്ഷണിക്കൽ

ഹൈസ്പീഡ് റെയിൽ പദ്ധതി

ശ്രീ. ബെന്നി ബെഹനാൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും അത്യാവശ്യമായ ഹൈസ്പീഡ് റെയിൽവേയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. കേരളത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ചതുരശ്ര കിലോമീറ്ററിലുള്ള റോഡിന്റെ നീളം കണക്കിലെടുത്താൽ രാജ്യത്ത് ഏറ്റവും കൂടുതൽ റോഡ് ഡെൻസിറ്റി കേരളത്തിലാണ്. ഡൽഹി, മുംബൈ, ചെന്നൈ തുടങ്ങിയ വാഹനനഗരങ്ങളെ ഒഴിവാക്കിയാൽ ഏറ്റവും വാഹനസാന്ദ്രതയും കേരളത്തിലാണ്. 500 കിലോമീറ്റർ നീളത്തിലും 67 കിലോമീറ്റർ ശരാശരി വീതിയിലും കിടക്കുന്ന സംസ്ഥാനത്തിന് മൊത്തത്തിൽ ഒരു നഗരസ്വഭാവമാണ്. കേരളത്തിന്റെ പൊതുവായ ഗതാഗത രീതി തെക്ക് വടക്കായിട്ടാണ്. ഇപ്പോൾ രണ്ട് ഗതാഗത ഇടനാഴികളാണുള്ളത്-റെയിൽവേ ലൈനും നാഷണൽ ഹൈവേയും. നമ്മുടെ പോക്കുവരവ് കൈകാര്യം ഇത് ചെയ്യുവാൻ പര്യാപ്തമല്ല. റെയിൽവേ ഇപ്പോൾത്തന്നെ ഡബിൾ ലൈനാക്കി വൈദ്യുതീകരിച്ചിട്ടുണ്ട്. അതിന്റെ ശേഷി പ്രയോജനപ്പെടുത്തൽ പല സ്ഥലങ്ങളിലും 100 ശതമാനത്തിലധികമാണ്. ദേശീയപാതയ്ക്ക് രണ്ടുവരികളേയുള്ളൂ. നാലുവരിയാക്കാനുള്ള ശ്രമം കടുത്ത പ്രതിസന്ധിയിലാണ്. തെക്കു-വടക്ക് ഗതാഗത ശേഷി വർദ്ധിപ്പിക്കാൻ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ വേറിട്ടൊരു എട്ടുവരിപ്പാത നിർമ്മിക്കാൻ നിർദ്ദേശമുണ്ടെങ്കിലും ജനരോഷത്തെത്തുടർന്ന് ശ്രമം ഉപേക്ഷിച്ചു. തെക്കു-വടക്ക് ഒരു കോറിഡോർ സൂപ്പർ ഹൈവേ നിർമ്മിക്കാൻ വേണ്ടിയുള്ള നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ഏറ്റവും കൂടുതൽ വെഹിക്കിൾ പോപ്പുലേഷൻ കേരളത്തിലാണ്. 10 വർഷം മുമ്പ് നമ്മുടെ വെഹിക്കിൾ പോപ്പുലേഷന്റെ കണക്ക് 45 ആയിരുന്നുവെങ്കിൽ ഇപ്പോൾ അത് ഒരു കോടിയിൽ അധികമായിരിക്കുകയാണ്. ഇതിനുള്ള റോഡ് സൗകര്യം കേരളത്തിലില്ല. വോള്യം കപ്പാസിറ്റി റേഷ്യോ (VCR)യിൽ കേരളം മുന്നിലാണ്. നോർമലായി വി.സി.ആർ 0.75 ആണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് അത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ശതമാനത്തിൽ കൂടുതലാണ്. എറണാകുളം, വൈറ്റില, പാലാരിവട്ടം, ഇടപ്പള്ളി, എം.ജി. റോഡ് പോലെയുള്ള പ്രദേശങ്ങളിൽ ഇത് മൂന്നുശതമാനത്തിൽ കൂടുതലാണ്. അതുകൊണ്ട് റോഡുകളുടെ വീതി കൂട്ടിയാലും വെഹിക്കിൾ പോപ്പുലേഷൻ അനുസരിച്ച് അത് താങ്ങാൻ കഴിയാത്തതാണ്. ഇവിടെ ആക്സിഡന്റുകൾ വർദ്ധിക്കുന്നു. ഈ വർഷം 39000 ആക്സിഡന്റുകളാണ് ഉണ്ടായിട്ടുള്ളത്. മരണം 4100 കഴിഞ്ഞു. ഒരു ദിവസം 12 പേരാണ് മരിക്കുന്നത്. എയർ പൊല്യൂഷൻ കൂടുന്നു. ഈയവസരത്തിലാണ് പബ്ലിക് ട്രാൻസ്പോർട്ടിന്റെ പ്രസക്തി വർദ്ധിക്കുന്നത്. പ്രൈവറ്റ് വാഹനങ്ങൾ കുറയ്ക്കണം. ഹൈസ്പീഡ് റെയിൽവേ ലൈൻ പരിഗണിക്കുന്നതിനുള്ള ആവശ്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് സജീവമായി പരിഗണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽപ്പോലും അതിനെ സംബന്ധിച്ച് പരാമർശമുണ്ടായിട്ടുണ്ട്. ഹൈസ്പീഡ് റെയിൽവേ വന്നാൽ കേരളത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുള്ളത് സ്ഥലമെടുക്കുന്നത് സംബന്ധിച്ചാണ്. ഹൈസ്പീഡ് റെയിൽവേ ലൈനിന് റോഡ് ഗതാഗതത്തെക്കാൾ കുറച്ച് സ്ഥലസൗകര്യങ്ങൾ മതിയാകും. റോഡിന് 70 മീറ്റർ വേണം. എന്നാൽ റെയിൽവേയ്ക്ക് 20 മീറ്റർ മതി. റോഡിനെ അപേക്ഷിച്ച് അതിവേഗ റെയിൽവേയ്ക്ക് വാഹനശേഷി ഏതാണ്ട് ഇരട്ടിയാണ്. നോക്കി നടത്തിപ്പിന്റെ മൂലധനച്ചെലവും കുറവാണ്. യാത്രക്കാരുടെ ചെലവ് നോക്കിയാലും റോഡ് ഗതാഗതത്തിന് 6 ശതമാനം മാത്രമേ വരുന്നുള്ളൂ. റെയിൽവഴി മലിനീകരണവും കുറവാണ്. ഹൈസ്പീഡ് റെയിൽവേയുടെ വർക്കിനുവേണ്ടി ഡി.എം.ആർ.സി.-യെ ഏൽപ്പിച്ചു. അവർ അതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഹൈസ്പീഡ് റെയിൽവേ വന്നാൽ കേരളത്തിന്റെ വ്യാവസായിക-സാമ്പത്തിക വളർച്ചയ്ക്ക് അത് പ്രയോജനകരമാകും. ജപ്പാന്റെ വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ സഹായകരമായിത്തീർന്നത് അവിടെ ഹൈസ്പീഡ് റെയിൽവേ വന്നതാണ്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഹൈസ്പീഡ് റെയിൽവേ ഏർപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തണം. അതിന്റെ കണക്കുകൾ നമ്മെ അത്ഭുതപ്പെടുത്തുന്നു. ഹൈസ്പീഡ് റെയിൽവേ മണിക്കൂറിൽ 350 കിലോമീറ്റർ വരെ വേഗതയിൽ പോകാൻ കഴിയും. തിരുവനന്തപുരം മുതൽ കൊല്ലം വരെ 20 മിനിട്ട് കൊണ്ടും കൊച്ചി വരെ 51 മിനിട്ട് കൊണ്ടും തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ 92 മിനിട്ട് കൊണ്ടും കണ്ണൂർവരെ 2 മണിക്കൂർ കൊണ്ടും എത്താൻ സാധിക്കുമെന്നാണ് ഡി.എം.ആർ.സി. പറയുന്നത്. ഓരോ മൂന്നുമിനിട്ടിലും ഒരു വണ്ടി എന്ന കണക്കിൽ ഓടാൻ കഴിയുമെങ്കിലും 15 മിനിട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വണ്ടി എന്ന രീതിയിൽ ടെയിനുകൾ വിഭാവന ചെയ്യാവുന്നതാണ്. അങ്ങനെ വന്നാൽ കേരളത്തിലെ റോഡപകടങ്ങളും പൊല്യൂഷനും കുറയ്ക്കാൻ കഴിയും. യാത്രക്കാർക്ക് സൗകര്യവും സാമ്പത്തികമായി ലാഭവുമുണ്ടാകും. അതുകൊണ്ട് കേരളത്തിന്റെ ഒരു മുൻഗണനാ പദ്ധതിയായി ഹൈസ്പീഡ് റെയിൽവേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് മറുപടി പിന്നീട് പറയാം. സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു.

10.30 a.m.]

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ച് സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നു നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 9.40-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികൾ നിർത്തിവച്ചു)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.40-ന് നിർത്തിവച്ച സഭ 10.32-ന് വീണ്ടും സമ്മേളിക്കുകയുണ്ടായി.)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... സഭ നടത്തിക്കൊണ്ടുപോകാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് നിർത്തിവച്ചത്. ഭരണകക്ഷിയുമായും പ്രതിപക്ഷവുമായും സംസാരിച്ചു. യോജിച്ച ഒരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞില്ല. സഭ സാമാധാനപരമായി നടത്തിക്കൊണ്ടുപോകാൻ ഇരുഭാഗത്തുനിന്നും സഹകരിക്കണമെന്ന് ചെയർ വീണ്ടും അഭ്യർത്ഥിക്കുകയാണ്. അടിയന്തര പ്രമേയത്തിന്റെ സമയം കഴിഞ്ഞു. ഒരു ശ്രദ്ധക്ഷണിക്കലും അവതരിപ്പിച്ചുകഴിഞ്ഞു. ബാക്കി സഭാനടപടികൾ നടത്തിക്കൊണ്ടുപോകുക എന്നത് മാത്രമാണ് ചെയറിന്റെ മുന്നിലുള്ള വിഷയം.

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തരപ്രമേയത്തിന്റെ നടപടി അങ്ങ് റദ്ദാക്കി, ഞങ്ങളുടെ പ്രതിഷേധത്തെ വകവയ്ക്കാതെ അടുത്ത നടപടിയിലേയ്ക്കും അങ്ങ് കടന്നു. എന്നിട്ടും ഞങ്ങൾ ക്ഷമയോടുകൂടി കാത്തിരുന്നു. ഇതിനെപ്പറ്റി ഒരു പുനരാലോചന നടത്തുമെന്നായിരുന്നു ഞങ്ങൾ വിചാരിച്ചിരുന്നത്. അടിയന്തരപ്രമേയം റൂൾ 50 ആണെന്ന് അങ്ങേയ്ക്കറിയാം. അത് പ്രതിപക്ഷത്തിനുള്ളതാണ്. അങ്ങ് അത് നിഷേധിക്കുന്നതിന് ഒരു കാരണവുമില്ല. വിചാരണയുടെ പേരിൽ .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, അത് കഴിഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയാവുന്നതാണ്. ..... (ബഹളം) .....

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പി. പി. തങ്കച്ചൻ..... (ബഹളം) .....

മി. സ്പീക്കർ: ആ വിഷയം ഇനിയും സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നത് ശരിയല്ല.

ശ്രീ. സി. ദിവാകരൻ: (മൈക്ക് ഓഫ്) സർ, പ്രതിപക്ഷത്തിന് പറയാനുള്ളത് പിന്നെ എവിടെയാണ് പറയേണ്ടത്; ഇത് ജനാധിപത്യവിരുദ്ധമാണ്..... (ബഹളം).....

മി. സ്പീക്കർ: അത് സാധ്യമല്ല. ചെയർ വളരെ വ്യക്തമായി പറഞ്ഞു. അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതി നിഷേധിച്ചു അതിനുശേഷം ശ്രദ്ധക്ഷണിക്കലിലേയ്ക്കും കടന്നു.....(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ: (മൈക്ക് ഓഫ്) സർ, പ്രതിപക്ഷാംഗങ്ങൾക്ക് സംസാരിക്കാൻ അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്.....(ബഹളം).....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം ഒന്നടങ്കം സഭയിൽ നിന്ന് പുറത്തുപോകുകയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. ബെന്നി ബെഹനാൻ ഇവിടെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ വളരെ പ്രാധാന്യമുള്ള ഒന്നാണ്. പക്ഷെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പല തർക്കങ്ങളും വന്നതുകൊണ്ട് ഇടയ്ക്ക് അത് നിർത്തിവച്ചു. ഹൈസ്പീഡ് റെയിൽ കോറിഡോർ എന്നുള്ളത് നമുക്ക് ആവശ്യമാണ്. അതേസമയം സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു പൊതു ധാരണയുണ്ടാകണം എന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് ജനങ്ങളുടെ മനസ്സിൽ വലിയ ആശങ്കകളും സംശയങ്ങളും ഉണ്ടായിട്ടുണ്ട്. ആ സംശയങ്ങളും ആശങ്കകളും അകറ്റിക്കൊണ്ട് നടപ്പിലാക്കണമെന്നുള്ള ഒരു ഉദ്ദേശമാണുള്ളത്. അതിനെക്കുറിച്ചുള്ള

പ്രാഥമികമായ ഒരു പഠനവും പരിശോധനയുമാണ് ഇപ്പോൾ നടക്കുന്നത്. എലിവേറ്റഡ് റെയിൽവേ ലൈൻ എന്നുള്ള ഒരു നിർദ്ദേശമാണ് ഇപ്പോൾ വന്നിരിക്കുന്നത്. അല്ലാതെ ഇത് കേരളത്തെ രണ്ടായി വെട്ടിമുറിക്കുന്ന, വളരെയേറെ സ്ഥലം എടുക്കുന്ന എന്നൊക്കെയുള്ള ആശങ്കകൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കത്തക്ക വിധത്തിൽ എലിവേറ്റഡ് റെയിൽവേ ലൈൻ എന്നതാണ് ഉദ്ദേശിക്കുന്നത്. പക്ഷെ, അതും അതിന്റെ പ്രാഥമിക നിലയിൽ മാത്രമേ എത്തിയിട്ടുള്ളൂ. ഇതുസംബന്ധിച്ചുള്ള ആശങ്കകളും സംശയങ്ങളുമെല്ലാം പരിഹരിച്ച് യാഥാർത്ഥ്യമാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് ആർക്കുംതന്നെ ഒരു വിധത്തിലുമുള്ള ബുദ്ധിമുട്ടും ഉണ്ടാകുമെന്ന് ധരിക്കേണ്ടതില്ല. അതില്ലാതെതന്നെ ഒരു പരിഹാരം കണ്ടെത്താനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, അതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ഡി.എം.ആർ.സി.-യെ ഏൽപിച്ചതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിന്റെ ഡി.പി.ആർ. എന്നത്തേയ്ക്ക് തയ്യാറാക്കി കിട്ടാനാണ്..... മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞതുപോലെ, അത് എലിവേറ്റഡും ടണലുമാണ്. അതിന്റെ കണക്കുകൾ അനുസരിച്ച്, one third of the distance ടണലായും 50 ശതമാനം എലിവേറ്റഡുമായ ഒരു നിർദ്ദേശമാണ് ഡി.എം.ആർ.സി. തയ്യാറാക്കുന്നതെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ എന്നത്തേയ്ക്ക് ഇതിന്റെ നടപടികൾ ആരംഭിക്കാൻ കഴിയുമെന്നുകൂടി വ്യക്തമാക്കാമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, വളരെ കോംപ്ലിക്കേറ്റഡായ പഠനവും പരിശോധനയുമാണിത്. ഇത് യാഥാർത്ഥ്യമാക്കണമെന്നതാണ് നമ്മുടെ മുഖ്യ ലക്ഷ്യം. അതേസമയം പരമാവധി ലാന്റ് അക്വിസിഷൻ കുറയ്ക്കുകയും വേണം. അതാണ് മുഖ്യമായി വച്ചിരിക്കുന്നത്. കേരളത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ ശരിക്കും മനസ്സിലാക്കുന്നുണ്ട്. ആ എതിർപ്പാണ് ഇതിനുമുമ്പും വളരെ ശക്തമായി വന്നത്. അതും പരമാവധി കുറയ്ക്കാൻ കഴിയുന്ന വിധത്തിൽ, ഡി.എം.ആർ.സി.-ക്ക് പ്രത്യേക time limit അല്ല വച്ചിരിക്കുന്നത്. ഏറ്റവും വേഗത്തിൽ അവർക്ക് ചെയ്യാവുന്ന തരത്തിലാണ് വച്ചിരിക്കുന്നത്. ഇത് വരുമ്പോൾ ആളുകളുടെ ഇടയിൽ വലിയൊരു സംശയവും ആശങ്കയുമൊക്കെ വരും. പക്ഷെ അതിന്റെ ആവശ്യമില്ല. നേരത്തെ ഉണ്ടായ എതിർപ്പുകളും ആശങ്കകളും പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പരമാവധി ലാന്റ് അക്വിസിഷൻ കുറച്ച്, ലാന്റ് ഉടമകളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് അവരുടെകൂടി സമ്മതം തേടിക്കൊണ്ടുള്ള ഒരു പരിപാടിയാണ് ഉദ്ദേശിക്കുന്നത്. അതിന് എല്ലാവരുടെയും സഹകരണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly